بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ഖുത്വ്ബ
7.10.2005
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# റമസാനിലെ ആത്മസംസ്കരണം

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ

**വി**ശ്വാസികളേ! നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നവരായിത്തീരുന്നതിനുവേണ്ടി നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (*2:184*)

ഈ വചനത്തിൽ അല്ലാഹുതആല നോമ്പ് നിർബന്ധമാക്കപ്പെട്ടതിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. നിങ്ങൾ തഖ്‌വ അഥവാ ഭയഭക്തി കൈക്കൊള്ളുന്നവരായിത്തീരാനും ആത്മീയവും സ്വഭാവപരവുമായ ബലഹീനതകളിൽനിന്ന് രക്ഷപ്പെടാനും നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകാനും അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിച്ച് ദുൻയാവും ആഖിറത്തും നഷ്ടപ്പെടുത്തുന്നവരായി തീരാതിരിക്കാനും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെന്ന ബോധം ഉണ്ടാകുന്നതിനും അതിനുവേണ്ടി പരിശ്രമിക്കുന്നതിനും ഇത് നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു.

ഈ ഉദ്ദേശ്യസാഫല്യത്തിനായിട്ടാണ് നാം നോമ്പ് പിടിക്കേണ്ടത്. ഈ ഉദ്ദേശ്യസാഫല്യത്തിനായിട്ടാണ് നാം റമസാൻ പ്രതീക്ഷിച്ചിരിക്കേണ്ടതും. അപ്പോഴാണ് നാം കഴിഞ്ഞവർഷത്തെ റമസാനെ പ്രയോജനപ്പെടുത്തിക്കൊണ്ട് നേടിയെടുത്ത നന്മകളും, സ്വായത്തമാക്കിയ തഖ്‌വയും കരസ്ഥമാക്കിയ നിലകളും ഫലവത്താകുന്നത്.

കഴിഞ്ഞ റമസാനിൽ കരസ്ഥമാക്കിയ നന്മകളിൽ നാം നിലനില്ക്കുന്നുണ്ടോ അതല്ല തെറ്റിപ്പോയോ എന്ന് നാം ഈ റമസാനിൽ പരിശോധിക്കേണ്ടതാണ്. തെറ്റിപ്പോയിട്ടുണ്ടെങ്കിൽ റമസാൻ നമുക്കെന്ത് ഫലമാണ് നല്കിയത്? ഈ റമസാനും ഇനിവരുന്ന റമസാനും നമുക്ക് എന്ത് ഫലമാണ് തരാൻ കഴിയുക? അല്ലാഹുതആല പറയുന്നത്, നിങ്ങൾ ഈ നിർബന്ധമാക്കപ്പെട്ട നോമ്പ് പിടിക്കുകയാണെങ്കിൽ, നിങ്ങൾ തഖ്‌വയിലൂടെ നടക്കുന്നവരും നന്മകൾ സ്വായത്തമാക്കുന്നവരും ദൈവസാമീപ്യം പ്രാപിക്കുന്നവരും ആയിത്തീരുന്നതാണ്. എന്നാൽ, എന്താണ് സംഭവിച്ചത്. നമ്മുടെ ഉള്ളിൽ തഖ്‌വ ജന്മംകൊണ്ടു എന്ന് പറയാൻ കഴിയുംവിധം നമ്മളിൽ മാറ്റമൊന്നും ഉണ്ടായില്ല. അല്ലാഹു പറഞ്ഞകാര്യം തെറ്റാകുകയില്ലെന്നത് നൂറുശതമാനവും ശരിതന്നെയാണ്. എന്നാൽ മനുഷ്യരുടേത് തെറ്റാകാം. അതുകൊണ്ട്, നമ്മളിൽ തന്നെയാണ് ബലഹീനതകളും ന്യൂനതകളും ഉള്ളതെന്ന കാര്യം ഉറപ്പാണ്. ഒന്നുകിൽ കഴിഞ്ഞറമസാനിൽനിന്ന് നാം ഫലമൊന്നും എടുത്തിട്ടില്ല. അല്ലെങ്കിൽ താൽക്കാലികമായ ഫലമാണ് നമുക്ക് ലഭിച്ചത്. അത് പുറപ്പെട്ടുവന്ന സ്ഥലത്തേക്കുതന്നെ ചെന്നുചേരുകയും ചെയ്തു. വാസ്തവത്തിൽ വേണ്ടിയിരുന്നത്, കഴിഞ്ഞ റമസാനിൽ നേടിയെടുത്ത തഖ്‌വയുടെ നില, ഇപ്പോൾവന്ന ഈ റമസാനിൽ അതിന്റെ അടുത്തനില കാണിക്കണമായിരുന്നു. കഴിഞ്ഞറമസാനിൽ തങ്ങളുടെ ഉള്ളിൽ മാറ്റമുണ്ടാക്കിയവരും തഖ്‌വ കരസ്ഥമാക്കിയവരും അല്ലെങ്കിൽ തഖ്‌വയുടെ നില തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർത്തവരും ഭാഗ്യവാന്മാരാണ്. ഇനി അവരുടെ ചുവട് മുമ്പോട്ട് നീങ്ങേണ്ടതാണ്. എന്നാൽ, ഒന്നും കരസ്ഥമാക്കിയിട്ടില്ലാത്തവർ, നോമ്പ് എന്ത് ഫലമാണ് തങ്ങൾക്ക് നല്കുന്നതെന്ന് ചിന്തിക്കേണ്ടതാണ്. ഒരു ഫലവും കിട്ടാത്ത കാര്യം ചെയ്യേണ്ട ആവശ്യമെന്താണ്? എന്നാൽ, ഞാൻ പറഞ്ഞതുപോലെ, നോമ്പ് പിടിക്കുന്നതുകൊണ്ട് ഗുണമുണ്ട്. തീർച്ചയായും ഗുണമുണ്ട്. അല്ലാഹുവിന്റെ സ്ഥാപനം ഒരിക്കലും ഫലശൂന്യമാവുകയില്ല. അതുകൊണ്ട് നമ്മളിൽ നിന്നുണ്ടായിട്ടുള്ള തെറ്റുകൾക്ക് അല്ലാഹുവിൽനിന്ന് പൊറുക്കലിനെ തേടണം. നാം പ്രതിജ്ഞ ചെയ്യേണ്ടിവരും: എന്റെ അല്ലാഹുവേ! എന്റെ കഴിഞ്ഞ വീഴ്ചകൾ നീ എനിക്കു പൊറുത്തുതന്നാലും. ഈ റമസാനിൽ നിന്റെ സാമീപ്യം പ്രദാനം ചെയ്യുന്ന എല്ലാ നന്മകളും ചെയ്യാൻ എനിക്ക് തൗഫീഖ് നല്കിയാലും. ഈ റമസാന്റെ ബർക്കത്തുകൊണ്ട്, എപ്പോഴും തഖ്‌വയിലൂടെ നടക്കുന്നതിനും അതിൽ നിലകൊള്ളുന്നതിനും എനിക്ക് സൗഭാഗ്യം നല്കിയാലും. ഇങ്ങനെ നാം ദുആ ചെയ്യുകയും ഈ രീതിയിൽ നാം നമ്മെ വിലയിരുത്തുകയും ചെയ്യുമ്പോൾ അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള സൽക്കർമ്മങ്ങൾ ചെയ്യുന്നതിലേക്കും നമുക്ക് ശ്രദ്ധയുണ്ടാകുന്നതാണ്.

അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞ ഒരുപാട് ദുഷ്ക്കർമ്മങ്ങൾ നാം ഉപേക്ഷിക്കേണ്ടതായി വരും. അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതായിവരും. ഇല്ലെങ്കിൽ നമ്മുടെ ഈ നോമ്പ്, നോമ്പെന്ന് പറയപ്പെടുകയില്ല. അത് വെറും പട്ടിണിയായിരിക്കും. അതായത്, രാവിലെ മുതൽ വൈകുന്നേരംവരെ ഒന്നും കഴിക്കുകയോ തിന്നുകയോ ചെയ്തില്ല. അത്രമാത്രം. അല്ലാഹു പറഞ്ഞ ***ലഅല്ലക്കും തത്തഖൂൻ*** പൂർത്തീകരിക്കപ്പെടുന്നത് അവന്റെ കല്പനകൾ അനുസരിച്ച് പ്രവൃത്തിക്കു

മ്പോഴും നന്മയിൽ മുൻകടക്കാൻ ശ്രമിക്കുമ്പോഴുമാണ്. റമസാനിൽ ഈ നന്മ ചെയ്യുന്ന കാരണത്താൽ അല്ലാഹു അതിന്റെ പ്രതിഫലം പല ഇരട്ടിയാക്കിത്തരികയും ചെയ്യുന്നതാണ്.

നബി(സ) തിരുമേനി അല്ലാഹു പറഞ്ഞതായി പറഞ്ഞിരിക്കുന്നു: നോമ്പ് എനിക്കുവേണ്ടിയുള്ളതാണ്, ഞാനാണ് അതിന് പ്രതിഫലം.

ഇത് ലഭിക്കുന്നത് മനുഷ്യൻ ആത്മാർത്ഥമായി അല്ലാഹുവിനുവേണ്ടി എല്ലാ അനുവദനീയമായ കാര്യങ്ങളിൽനിന്നും തന്നെ തടഞ്ഞുനിറുത്തുന്നതുകൊണ്ടാണ്. ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ളത് ചെയ്യാതിരിക്കുക തന്നെ വേണം. എന്നല്ല, അനുവദനീയമായതും ചെയ്യുന്നില്ല. നന്മകൾ ചെയ്യാൻ പരിശ്രമിക്കുന്നു. തിന്മകളെ തൊട്ട് ജാഗരൂകനാണെന്ന് പ്രകടിപ്പിക്കുന്നു. തന്റെ ആരാധനയുടെ നില മെച്ചപ്പെടുത്തുന്നു. അതുകൊണ്ട് ദൈവസാമീപ്യം പ്രാപിക്കാനും അവന്റെ തൃപ്തി കരസ്ഥമാക്കാനും അവൻ പറഞ്ഞ മാർഗ്ഗങ്ങളിലൂടെ നടന്നുകൊണ്ട് ആദ്യം മനുഷ്യൻതന്നെ പരിശ്രമിക്കേണ്ടതായി വരും. അല്ലാഹുതആല ആദ്യത്തെ ഉത്തരവാദിത്തം മനുഷ്യന്റെ മേലാണിട്ടിരിക്കുന്നത്. അതായത് മനുഷ്യൻ എന്നിലേക്ക് ഒരുമുഴം അടുത്താൽ ഞാനവനിലേക്ക് രണ്ടുമുഴം അടുക്കുന്നതാണ്. അല്ലാഹുവിലേക്ക് ഒരുവൻ നടന്നടുത്താൽ, ഞാൻ അവനിലേക്ക് ഓടിഅടുക്കുമെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തഖ്വ സ്വായത്തമാക്കിക്കൊണ്ട് തന്നെ സ്നേഹിക്കുന്ന അല്ലാഹുവിലേക്ക് പോകണമെന്ന ചിന്ത എപ്പോഴും ഒരു സത്യവിശ്വാസിക്ക് ഉണ്ടാകേണ്ടതാണ്. സാധാരണക്കാരെക്കാൾ കൂടുതലായി അല്ലാഹു അത്തരക്കാരെ റമസാനിൽ സഹായിക്കുന്നു. അവരെ തന്റെ അഭയത്തിലെടുക്കുകയും ചെയ്യുന്നു. സാധാരണ അവസ്ഥകളെ അപേക്ഷിച്ച് റമസാനിൽ ഉണ്ടാകുന്ന അനുഗ്രഹങ്ങൾക്ക് ഒരുകണക്കുമില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂമസ്ഊദ് ഗഫ്ഫാരി(റ) നിവേദനം ചെയ്യുന്നു. റമസാൻ ആരംഭിച്ചതിനുശേഷം ഒരു ദിവസം നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. “റമസാന്റെ മഹത്വത്തെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ എന്റെ സമുദായം വർഷം മുഴുവൻ റമസാനായിരുന്നെങ്കിലെന്ന് ആശിച്ചേനെ. ഇതുകേട്ടപ്പോൾ ഖുസാ ഗോത്രത്തിലെ ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ നബിയേ! റമസാന്റെ മഹത്വത്തെക്കുറിച്ച് ഞങ്ങൾക്കു പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: “തീർച്ചയായും റമസാനുവേണ്ടി വർഷാരംഭം മുതൽ അവസാനംവരെ അല്ലാഹു സ്വർഗ്ഗത്തെ അലങ്കരിച്ച് ഒരുക്കിനിർത്തുന്നു. റമസാന്റെ ആദ്യ ദിവസമാകുമ്പോൾ, അല്ലാഹുവിന്റെ സിംഹാസനത്തിനു കീഴെ കാറ്റുവീശുന്നു.”

റമസാൻമാസത്തിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കണമെന്നും തഖ്വ സ്വായത്തമാക്കണമെന്നും പ്രതിജ്ഞ ചെയ്ത അല്ലാഹുവിന്റെ പരിശുദ്ധന്മാർക്കുള്ളതാണ് ഈ കാറ്റുകൾ. ഇത് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതായിത്തീരുന്നു. വർഷാരംഭം മുതൽ അവസാനംവരെ വർഷം മുഴുവൻ സ്വർഗ്ഗത്തെ ഒരുക്കിനിർത്തുന്നുവെന്ന് പറഞ്ഞത് അങ്ങനെയങ്ങ് വെറുതെ കിട്ടുന്നതല്ല. ഇതിന് നോമ്പിനോടൊപ്പം കർമ്മങ്ങളും ഉണ്ടാകണം. അല്ലാഹു ഇത്രമാത്രം തയ്യാറെടുപ്പുകൾ നടത്തുമ്പോൾ, നാം നമ്മുടെ ഹൃദയത്തേയും മാറ്റേണ്ടതാണ്. അതനുസരിച്ച് തയ്യാറെടുപ്പ് നടത്തേണ്ടതാണ്. അല്ലാഹു ഒരുക്കിയിരിക്കുന്ന സന്ദർഭത്തെ പ്രയോജനപ്പെടുത്തേണ്ടതാണ്. അതിൽനിന്ന് ഫലമെടുക്കേണ്ടതാണ്.

റമസാന്റെ അനുഗ്രഹങ്ങൾ വിവിധ ഹദീസുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ചിലത് വിവരിക്കാം. അല്ലാഹുതആല ഏതേതെല്ലാം രീതിയിലാണ് തന്റെ അടിയാറുകളെ കടാക്ഷിക്കുന്നതെന്ന് അല്ലെങ്കിൽ കടാക്ഷിക്കാൻ ആഗ്രഹിക്കുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നുണ്ട്. അതുകൊണ്ട് അടിയാന്മാരുടെ ജോലി അവനിലേക്ക് മുൻകടക്കുകയും ഭയഭക്തി ഉണ്ടാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുതആല നമ്മോടു ചെയ്യാൻ കല്പിച്ച നിബന്ധനയോടുകൂടി നോമ്പുപിടിച്ചാൽ, അത് നമ്മെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കിത്തീർക്കുന്നതാണ്.

ഹസ്റത്ത് സൽമാൻ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാനദിവസം ഞങ്ങളെ അഭിസംബോധന ചെയ്തു പറഞ്ഞു:

“അല്ലയോ ജനങ്ങളേ! നിങ്ങളിൽ മഹത്തായതും അനുഗൃഹീതവുമായ ഒരുമാസം സമാഗതമായിരിക്കുന്നു. ഏറ്റവും അനുഗ്രഹപൂർണ്ണമായ മാസമത്രെ അത്. ഈ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠതയുള്ള ഒരു പ്രത്യേക രാത്രിയുണ്ട്. ഈ മാസം നോമ്പനുഷ്ഠിക്കൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിൽ രാത്രികളിൽ ഉറക്കമുണർന്നു നിസ്ക്കരിക്കുന്നത് അല്ലാഹു നഫ്ല അഥവാ ഐച്ഛിക കർമ്മമാക്കിയിരിക്കുന്നു. ഈ നോമ്പു വേളയിൽ ആരെങ്കിലും ഏതെങ്കിലും നല്ല സ്വഭാവം സ്വായത്തമാക്കിയാൽ, ഇതിനു പുറമെയുള്ള എല്ലാ നിർബന്ധകാര്യങ്ങളും ചെയ്തു കഴിഞ്ഞവനെപ്പോലെയായിത്തീരുന്നതാണ്. ഈ പരിശുദ്ധമാസത്തിൽ ഒരു നിർബന്ധകാര്യം അവൻ ചെയ്താൽ റമസാന് പുറമെ 70 നിർബന്ധകാര്യങ്ങൾ ചെയ്തവനെ പോലെയായിത്തീരുന്നതാണ്. റമസാൻമാസം ക്ഷമയുടെ മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാണ്. ഇത് ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും മാസമാണ്. സത്യവിശ്വാസികളുടെ ജീവിതവിഭവത്തിൽ അനുഗ്രഹം ചൊരിയുന്ന മാസമാണിത്.”

എന്തെന്തെല്ലാം അനുഗ്രഹങ്ങളാണ് പറഞ്ഞിട്ടുള്ളതെന്ന് നോക്കുക. അല്ലാഹുവിന്റെ കല്പനകൾ പൂർത്തീകരിച്ചുകൊണ്ട് നാം നോമ്പുപിടിക്കുകയും ഭയഭക്തി സമ്പാദിക്കാൻ പരിശ്രമിക്കുകയും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടി ഇതെല്ലാം ചെയ്യുക

യും, നന്മയിൽ പദമൂന്നാൻ ശ്രമിക്കുകയും ചെയ്യുക യാണെങ്കിൽ, ഈ ഉദ്ദേശ്യത്തോടെ ചെയ്ത കർമ്മ ങ്ങളെ അല്ലാഹു പാഴാക്കുകയില്ലെന്ന് അല്ലാഹുവിന്റെ റസൂൽ നമുക്ക് സുവാർത്ത അറിയിച്ചിരിക്കുന്നു. എന്ന ല്ല, നിങ്ങൾക്ക് ചിന്തിക്കാൻപോലും പറ്റാത്തത്ര അല്ലാഹു തന്നനുഗ്രഹിക്കുന്നതാണ്. വെറും ഒരു നന്മ ചെയ്യുന്നതിന്റെ പ്രതിഫലം, നമ്മളിൽ അർപ്പിതമായ എല്ലാ നിർബന്ധകടമകളും നാം നിറവേറ്റിയതുപോലെ യാണ്. റമസാനിൽ തഖ്‌വയിലൂടെ നടന്നുകൊണ്ട് ചെയ്ത ഒരു നിർബന്ധകാര്യത്തിനുള്ള പ്രതിഫലം, സാധാരണ അവസ്ഥകളിൽ നിറവേറ്റിയ എഴുപത് നിർബന്ധകാര്യങ്ങൾക്ക് കിട്ടിയ ഫലത്തിന് തുല്യമാ ണ്. റമസാനിൽ അല്ലാഹു ഇത്രമാത്രം വർദ്ധിപ്പിച്ചുത രുന്നു. ഈ ദിനങ്ങളിലെ ഓരോ നന്മയും പ്രതിഫല ത്തിന്റെ അടിസ്ഥാനത്തിൽ സാധാരണ സ്ഥിതിയിലെ എഴുപത് എഴുപത് നന്മകൾക്ക് തുല്യമാണ്. പക്ഷേ, ഒരുകാര്യം ഓർമ്മവയ്ക്കേണ്ടത്, പ്രതിഫലം കിട്ടുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഇതെല്ലാം ചെയ്യുമ്പോഴാണ്. പിന്നീട് പറഞ്ഞത് ഇത് ക്ഷമയുടെ മാസമാണെന്നാണ്. ഒരുപാട് കാര്യങ്ങളിൽ സത്യവിശ്വാസി ക്ഷമ കൈക്കൊള്ളുന്നു. ഭക്ഷിക്കു കയും കുടിക്കുകയും ചെയ്യുന്നതിൽ മാത്രമല്ല, മറ്റു പല കാര്യങ്ങളിൽ നിന്നും തന്നെ തടഞ്ഞുനിറുത്തു ന്നു. ഒരുപാട് തിന്മകളിൽനിന്ന് പിൻമാറുന്നു. ശത്രു ക്കളുടെ അതിക്രമങ്ങളിൽ ക്ഷമ പാലിക്കുന്നു. ചില ഘട്ടങ്ങളിൽ തന്റെ അവകാശങ്ങൾപോലും വിട്ടുകൊ ടുക്കുന്നു. അല്ലാഹുവിനു വേണ്ടി ക്ഷമ കൈക്കൊ ള്ളുന്നു. അത്തരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നു:

***വല്ലദീന സ്വബറുബ്തിഗാഅ വജ്ഹി*** തങ്ങളുടെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് അവർ ക്ഷമ കൈക്കൊണ്ടു. (*13:23*)

അല്ലാഹുവിനുവേണ്ടി ചെയ്യുന്ന ഈ ക്ഷമ, അത് നന്മയുമായി ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. ഒരു ഹദീ സിൽ വന്നിരിക്കുന്നു, നിങ്ങളോടാരെങ്കിലും ശണ്ഠ കൂടുകയാണെങ്കിൽ അവരോട് ഞാൻ നോമ്പുകാര നാണെന്ന് പറയാൻ പറഞ്ഞിരിക്കുന്നു. ഇതിന്റെ ഫല മായി നിങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്. ഒരു സത്യവിശ്വാസിക്ക് റമസാൻ മാസത്തിൽ ഇത്തരം ക്ഷമ യുടെ ശീലമുണ്ടാകുമ്പോൾ, സ്വർഗ്ഗാവകാശികളായി ത്തീരാൻ അത് ജീവിതത്തിന്റെ ഭാഗമായി മാറേണ്ടതാ ണ്. അല്ലാഹുവിനോട് കരുണയും മാപ്പും പൊറുക്കലും നിങ്ങൾ തേടുന്നുവെങ്കിൽ, മറ്റുള്ളവരുടെ ദുഃഖത്തിൽ നിങ്ങളും ഭാഗഭാക്കാകുക. അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ശ്രമിക്കുക. അവരെക്കുറിച്ചുള്ള അല്പം ബോധം നിങ്ങൾ നിങ്ങളുടെ ഉള്ളിലുണ്ടാക്കുക. അല്ലാ ഹുവിനുവേണ്ടിയാണ് ഈ സഹതാപം കാണിക്കുന്ന തെങ്കിൽ, അതിന്റെ നിറം മറ്റൊന്നായിരിക്കേണ്ടതാണ്. അല്ലാഹുവിനുവേണ്ടി മറ്റുള്ളവരോട് നല്ലനിലയിൽ പെരുമാറുമ്പോൾ ഈ സൽപെരുമാറ്റം, നിങ്ങളുടെ നേട്ടങ്ങളിൽ അതൊരിക്കലും കുറവ് വരുത്തുകയില്ല. പ്രത്യുത അത് നിങ്ങളുടെ ഭാഗമായിത്തീരുന്നതാണ്. പര സ്പരം പൊറുത്തും മാപ്പുകൊടുത്തും പരിശ്രമിക്കു മ്പോൾ, അത് ഈ ലോകത്തും സ്വർഗ്ഗത്തിന് കാരണ മായിത്തീരും. അത് അടുത്തലോകത്തെ സ്വർഗ്ഗത്തെ ക്കുറിച്ച് സുവിശേഷം അറിയിക്കുന്നതുമായിരിക്കും. ഇത് സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും ഐക്യ ത്തിന്റേയും മാസമാണ്. ഓരോ സഹോദരനും മറ്റു സഹോദരന്റെ കുറ്റങ്ങൾ അല്ലാഹുവിനുവേണ്ടി പൊറു ത്തുകൊടുക്കുന്നതായിരിക്കും. ഓരോ ബന്ധവും മറ്റു ള്ളവരുടെ ബന്ധത്തിലെ കുറവുകൾ മാപ്പ് ചെയ്തുകൊ ടുക്കുന്നതായിരിക്കും. സാഹോദര്യത്തിന്റെ അന്ത രീക്ഷം അല്ലാഹുവിനുവേണ്ടി സൃഷ്ടിക്കുന്നതായിരിക്കും. ഈ മാസത്തിന്റെ അനുഗ്രഹംകൊണ്ടും, തന്റെ ദാസന്റെ ഒരു കർമ്മത്തിന്റെ ഫലമായി അല്ലാഹു സാധാരണ അവ സ്ഥയിൽ ചെയ്യുന്ന സൽക്കർമ്മത്തിന്റെ എഴുപത് കർമ്മ ങ്ങളുടെ പ്രതിഫലം റമസാനിലെ ആ ഒരുകർമ്മത്തിന് നല്കുന്ന കാരണത്താലും, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്ന സ്ഥലത്തേക്ക് നാം ഓടിയോടിപ്പോകുന്ന തായിരിക്കും. അങ്ങനെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന തായിരിക്കും.

പിന്നീട് പറഞ്ഞത് സത്യവിശ്വാസിയുടെ ജീവിത വിഭവത്തിൽ അഭിവൃദ്ധി ഉണ്ടാകുന്നുവെന്നാണ്. സത്യ വിശ്വാസിയുടെ ജീവിതവിഭവം ഹലാലായിരിക്കും. ഹലാ ലായിരിക്കേണ്ടതുമാണ്. അല്പമാത്രമായ ജീവിതവിഭ വത്തിൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നു. ചില പ്പോൾ മനുഷ്യൻ ചിന്തിക്കാത്ത വഴിയിലൂടെ അല്ലാഹു ഉപജീവനം ഒരുക്കിത്തരുന്നു. കാരണം സത്യവിശ്വാസി അല്ലാഹുവിനുവേണ്ടി ധാരാളം പണിയെടുക്കുന്നു. അല്ലാഹുവിനോടുള്ള ആരാധനയിൽ കൂടുതൽ സമയം ചെലവഴിക്കുന്നു. റമസാനിൽ വിശുദ്ധഖുർആൻ പാരാ യണത്തിന് ഒരുപാട് സമയം വിനിയോഗിക്കുന്നു. മറ്റ് ആരാധനാകർമ്മങ്ങളും ചെയ്യുന്നു. മറ്റ് ഭൗതികകാര്യ ങ്ങളൊക്കെ കുറച്ചുകൊണ്ട് സത്യവിശ്വാസി ആത്മീയ വിഷയങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കുന്നു. അതുകൊണ്ട് അല്ലാഹുവും അതിരില്ലാതെ അനുഗ്രഹി ക്കുന്നു. തന്റെ വാഗ്ദാനമനുസരിച്ച് ഭൗതികമായ അവന്റെ ആവശ്യങ്ങളും അല്ലാഹു നിവർത്തിച്ചുകൊ ടുക്കുന്നു. പക്ഷേ, ഇതെല്ലാം അല്ലാഹുവിന്റെ കല്പന കളനുസരിച്ച് ആത്മാർത്ഥമായി പ്രവർത്തിക്കുമ്പോഴാണ് ഉണ്ടാകുന്നത്. അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുകയും അവന്റെ പൊറുത്തുതരൽ പല ഇരട്ടികളായി വർദ്ധി ക്കുകയും നാം തഖ്‌വയിൽ ഉയരാൻ ശ്രമിക്കുകയും ഈ നന്മകൾ അനുഷ്ഠിക്കുകയും ചെയ്യുമ്പോഴാണ് ഇതെല്ലാമുണ്ടാകുന്നത്.

നബി(സ) തിരുമേനി മറ്റൊരു ഹദീസിൽ നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ അനു ഗ്രഹം കരസ്ഥമാക്കുന്ന രീതിയെക്കുറിച്ചും പറയുകയു ണ്ടായി. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യു

ന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു: നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനു തന്നെയുള്ളതാണ്; നോമ്പ് എനിക്കും. ഞാനാണ് അതിന് പ്രതിഫലം നല്കുന്നത്. തെറ്റുകൾ തടുക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പ് ദിവസമായാൽ തെറ്റ് പ്രവർത്തിക്കാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും ചെയ്യട്ടെ. ഇനി വല്ലവനും അവനെ വഴക്കുപറയുകയോ അവനോട് ശണ്ഠകൂടുകയോ ചെയ്യുന്നതായാൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ പറയട്ടെ. ഏതൊരുവന്റെ കൈയിലാണോ മുഹമ്മദിന്റെ ജീവൻ നിലകൊള്ളുന്നത് അവനാണ! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയെക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. അത് അവനെ സന്തോഷിപ്പിക്കുന്നു. ഒന്ന് നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും. തന്റെ നോമ്പ് കാരണം അവൻ സന്തോഷിക്കുന്നതാണ്."

ഞാനാണ് നോമ്പിന്റെ പ്രതിഫലം, അല്ലെങ്കിൽ ഞാൻ പ്രതിഫലം കൊടുക്കും എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എല്ലാ കർമ്മങ്ങളുടേയും പ്രതിഫലം അല്ലാഹു തന്നെയാണ് കൊടുക്കുന്നത്. എന്നാൽ, മറ്റുള്ള കർമ്മങ്ങൾ എങ്ങനെയുള്ളതാണെന്നുവെച്ചാൽ അതിലെ നന്മകൾ, അല്ലാഹു ചെയ്യാൻ പറഞ്ഞ അനുവദനീയമായ കാര്യങ്ങൾ ചെയ്യുകയും, അല്ലെങ്കിൽ ചെയ്യരുതെന്ന് അല്ലാഹു കല്പിച്ച തിന്മകൾ ചെയ്യാതിരിക്കുകയും ചെയ്യുക എന്നതാണ്. പക്ഷേ, റമസാനിൽ നോമ്പുപിടിച്ചുകൊണ്ട് ഒരു സത്യവിശ്വാസി അനുവദനീയമല്ലാത്ത കാര്യങ്ങളിൽനിന്ന് മാറി നില്ക്കുകതന്നെ ചെയ്യുന്നു. എന്നാൽ, അനുവദനീയമായ ചില കാര്യങ്ങൾ അല്ലാഹുവിനുവേണ്ടി ചെയ്യാതിരിക്കുകയും ചെയ്യുന്നു. സാധാരണ അവസ്ഥയെ അപേക്ഷിച്ച് കൂടുതൽ നന്മകൾ ഈ മാസത്തിൽ അനുഷ്ഠിക്കുന്നു. നന്മ ചെയ്യാനുള്ള സൗഭാഗ്യം പ്രാപിക്കുന്നു. തിന്മയ്ക്കുള്ള മറുപടിയും അല്ലാഹുവിനുവേണ്ടി നന്മകൊണ്ട് നല്കുന്നു. സ്വയം മാറ്റമുണ്ടാക്കാൻ പരിശ്രമിക്കുന്നു. അതുകൊണ്ട് അല്ലാഹു അതിന്റെ പ്രതിഫലവും കണക്കില്ലാതെ കൊടുക്കുന്നു. എനിക്കുവേണ്ടിയാണ് നീ ഇതെല്ലാം ചെയ്യുന്നത് അതുകൊണ്ട് നിനക്ക് കണക്കില്ലാതെ പ്രതിഫലം തരുമെന്ന് അല്ലാഹു പറയുന്നു. ഓരോ നന്മയും ചെയ്യുമ്പോൾ, 70 ഇരട്ടി പ്രതിഫലമാണ് ലഭിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യം, സത്യവിശ്വാസി അല്ലാഹുവിനുവേണ്ടി നോമ്പു പിടിച്ചു, എല്ലാ നന്മയും ചെയ്യാനും തിന്മയിൽ നിന്നും രക്ഷപ്പെടാനും ശ്രമിച്ചു, എന്നല്ല, ഞാൻ പറഞ്ഞതുപോലെ സാധാരണ ജീവിതത്തിൽ മനുഷ്യന് ചെയ്യാൻ അനുവാദമുള്ള ചില കാര്യങ്ങൾപോലും അല്ലാഹുവിന്റെ കല്പനയായതുകൊണ്ട് ചെയ്തില്ല. അതുകൊണ്ടാണ് അല്ലാഹു അതിന്റെ പ്രതിഫലമായിത്തീർന്നത്. അതുകൊണ്ട്, ആത്മാർത്ഥരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി ആരാധന നടത്തുകയും, ഉള്ളിൽ സ്വയം പരിശുദ്ധമായ മാറ്റമുണ്ടാക്കുകയും ചെയ്യുക എന്നതുതന്നെ അവന്റെ കാരുണ്യത്തിന് അവകാശികളാക്കുന്നതാണ്. കണക്കറ്റ കാരുണ്യത്തിന് അവകാശികളാക്കുന്നതാണ്.

അല്ലാഹുതആല അത്തരം സത്യവിശ്വാസിയുടെ ഓരോ അവസ്ഥയേയും ഓരോ ചലനത്തേയും സ്നേഹിക്കുന്നു. എത്രത്തോളമെന്നാൽ, നോമ്പുകാരണത്താൽ ചിലപ്പോൾ വായിൽനിന്ന് മണമുണ്ടാകും. അല്ലാഹുവിന് അതും സുഗന്ധത്തേക്കാളിഷ്ടമാണ്. പിന്നീട് പറഞ്ഞത് നോമ്പു പരിചയാണെന്നാണ്. നോമ്പ് പരിചയാണെന്നും, തീയിൽനിന്ന് രക്ഷിക്കുന്ന ശക്തമായ കോട്ടയാണെന്നും മറ്റൊരു നിവേദനത്തിലും വന്നിട്ടുണ്ട്. ഈ പരിച അല്ലാഹു നമുക്കുതന്നു. എന്നാൽ, അത് ഉപയോഗിക്കേണ്ട രീതിയും അറിഞ്ഞിരിക്കണം. അതിലും ചെയ്യേണ്ടതായ ചില നിർബന്ധകാര്യങ്ങളുണ്ട്. അത് പൂർത്തിയാക്കേണ്ടതാണ്. അപ്പോഴാണ് ഈ പരിചയുടെ സംരക്ഷണത്തിൽ, തഖ്‌വ സ്വായത്തമാക്കാൻ തൗഫീഖ് ലഭിക്കുന്നത്. നോമ്പിന്റെ വേളയിൽ എല്ലാ തിന്മയിൽനിന്നും രക്ഷപ്പെട്ടിരിക്കുവോളം ഈ പരിച നമ്മെ സഹായിക്കുന്നതാണ്. കളവ് പറയില്ല. പരദൂഷണം പറഞ്ഞുനടക്കില്ല. പരസ്പരം അവകാശങ്ങൾ ധ്വംസിക്കില്ല. സ്വന്തം ശരീരത്തിന്റെ ഓരോ അവയവത്തേയും, ഒരിക്കലും അതിക്രമം ഉണ്ടാകാത്തവിധം നിയന്ത്രിച്ചുനിർത്തുന്നതാണ്. ഓരോരുത്തരും പരസ്പരം ന്യൂനതകൾ നോക്കുന്നതിനുപകരം, സ്വന്തം ന്യൂനത അന്വേഷിക്കുകയായിരിക്കും ചെയ്യുന്നത്. പരസ്പരം ദോഷങ്ങൾ അന്വേഷിച്ചു നടക്കുന്നതിനു പകരം സ്വന്തം ദോഷങ്ങളും കുറവുകളും, ബലഹീനതകളും അന്വേഷിക്കുകയായിരിക്കും ചെയ്യുന്നത്.

അങ്ങയുടെ ഇന്ന ഖുത്ബ കേട്ടിട്ട് എന്നോട് ഇന്നയാൾ, ഈ ഖുത്ബ നിന്നെക്കുറിച്ചാണ് അതുകൊണ്ട് നീ സ്വയം നിന്നെ നന്നാക്കിക്കൊള്ളുക എന്ന് പറഞ്ഞതായി ചിലയാളുകൾ എന്നോട് പറയാറുണ്ട്. എഴുതിയറിയിക്കാറുമുണ്ട്. അതുകാണുമ്പോൾ ഞാൻ ആശ്ചര്യപ്പെടാറുണ്ട്. വാസ്തവത്തിൽ, ഓരോരുത്തരും സ്വന്തം നിലയിൽ വിലയിരുത്തുകയാണ് വേണ്ടത്. മറ്റുള്ളവരുടെ കണ്ണിലെ കരട് അന്വേഷിച്ച് നടക്കാതിരിക്കുക. നോമ്പുപിടിച്ചുകൊണ്ട് ഈ രീതിയിൽ നിങ്ങൾ നിങ്ങളെ പരിശോധിക്കുമ്പോൾ, കണ്ണ്, ചെവി, നാവ്, കൈ മുതലായവയിൽനിന്ന് മറ്റുള്ളവരെ സുരക്ഷിതരാക്കിവയ്ക്കുന്നുവെന്ന് മാത്രമല്ല, അവരെ സഹായിക്കുകയുമായിരിക്കും ചെയ്യുന്നത്. ഇപ്രകാരം നോമ്പ് തഖ്‌വയിൽ വർദ്ധനവുണ്ടാക്കുന്നതായിത്തീരുന്നതാണ്. അല്ലാഹുവിന്റെ പക്കൽനിന്ന് ഒരുപാട് പ്രതിഫലം പ്രാപിക്കുന്നവരുമാകും. ഇതിന്റെ അടിസ്ഥാനത്തിലും നാം നമ്മെ പരിശോധിക്കേണ്ടതാണ്. നമ്മുടെ കണക്കെടുത്തുകൊണ്ടിരിക്കേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ഏതൊരു റമസാനിലെ നോമ്പ്

വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും അനുഷ്ഠിക്കുന്നുവോ അവന്റെ മുൻപാപങ്ങൾ അവന് പൊറുക്കപ്പെടുന്നതാണ്."

ഈ ഹദീസ് മുകളിൽ പറഞ്ഞകാര്യം കൂടുതൽ വിശദമാക്കിയിരിക്കുന്നു. അതായത് നോമ്പു പിടിച്ചാൽ മാത്രംപോര. അല്ലാഹുതആല കല്പിച്ച എല്ലാ നിബന്ധനയോടും കൂടി നോമ്പ് പിടിക്കേണ്ടതാണ്. സ്വന്തം നോമ്പിന്റെ നില പരിശോധിക്കുമ്പോഴാണ് തഖ്‌വയിലേക്ക് ചുവട് മുന്നേറുന്നുണ്ടോ എന്ന് മനസ്സിലാകുന്നത്. മറ്റുള്ളവരുടെ ന്യൂനത അന്വേഷിച്ചു നടക്കുകയില്ല. മറിച്ച്, സ്വന്തം ന്യൂനതകളും ദൗർബല്യങ്ങളുമായിരിക്കും അന്വേഷിക്കുന്നത്. ഇന്ന് ഞാൻ എത്ര നന്മകൾ ചെയ്തെന്നും, ഇല്ലെങ്കിൽ ചെയ്യാൻ ശ്രമിച്ചെന്നുമായിരിക്കും നോക്കുന്നത്. എത്ര തിന്മകൾ ഉപേക്ഷിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, നമ്മുടെ പ്രഭാതങ്ങളും നമ്മുടെ രാത്രികളും നമ്മുടെ നന്മകൾക്ക് സാക്ഷിയായിരിക്കേണ്ടതാണ്. അവിടന്ന് പറയുന്നു:

"നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് നിങ്ങളുടെ ഓരോ പ്രഭാതവും സാക്ഷി പറയേണ്ടതാണ്. നിങ്ങൾ പേടിച്ച് പേടിച്ച് പകൽ കഴിച്ചുകൂട്ടിയെന്ന് നിങ്ങളുടെ ഓരോ പ്രദോഷവും സാക്ഷി പറയേണ്ടതാണ്." ഇങ്ങനെ നമ്മുടെ പ്രഭാതങ്ങളിൽ നിന്നും പ്രദോഷങ്ങളിൽനിന്നും നാം സാക്ഷ്യം വാങ്ങുമ്പോൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുകയും നമ്മുടെ കഴിഞ്ഞപാപങ്ങൾ പൊറുക്കപ്പെടുകയും വരുംകാലങ്ങളിൽ തഖ്‌വയിൽ നിലകൊള്ളാനും നന്മ പ്രവർത്തിക്കാനും സൗഭാഗ്യം ലഭിക്കുകയും ചെയ്യുന്നതാണ്. ഇല്ലെങ്കിൽ നമ്മുടെ നോമ്പ്, വിശപ്പും ദാഹവും സഹിക്കുക എന്നതല്ലാതെ മറ്റൊന്നും ആയിരിക്കുകയില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസിബ്നു മാലിക്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: ഞാൻ നബി(സ) തിരുമേനിയിൽനിന്നു കേട്ടു. റമസാൻ സമാഗതമായി. അതിൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുന്നു. പിശാചുക്കൾ ചങ്ങലകളിൽ തളയ്ക്കപ്പെടുന്നു. റമസാൻ മാസം പ്രാപിക്കുകയും എന്നാൽ പാപം പൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നവന്റെമേൽ നാശം. റമസാനിൽ അവന്റെ പാപം അവൻ പൊറുപ്പിക്കുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് അവന്റെ പാപം പൊറുക്കപ്പെടുക."

ഈ ഹദീസിൽനിന്ന് കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. പാപങ്ങൾ പൊറുപ്പിക്കാൻ, റമസാൻ കാത്തിരുന്നിട്ട് മാത്രം കാര്യമില്ല. റമസാൻ ആശംസകൾ നേർന്നാൽ മാത്രം പോര. ഈ മാസത്തിൽനിന്ന് തഖ്‌വയുടെ വഴി സ്വായത്തമാക്കണം എന്ന ശ്രമത്തോടെ നോമ്പ് പിടിക്കുന്നില്ലെങ്കിൽ അത് പ്രയോജനം ചെയ്യുകയില്ല. ഇതിലുണ്ടാകുന്ന മാറ്റങ്ങളെ ജീവിതത്തിന്റെ സ്ഥിരം ഭാഗമാക്കി മാറ്റേണ്ടതാണ്. ഒരു വർഷത്തിന്റേയോ ഒരു മാസത്തിന്റേയോ കർമ്മം കൊണ്ടു മാത്രം പാപം പൊറുക്കപ്പെടുകയില്ല. ഇത് തുടർച്ചയായുള്ള കർമ്മമാണ്. നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ, എല്ലാവർക്കും പൊറുക്കപ്പെടുക എന്നത് നിർബന്ധമല്ല. അതിനുവേണ്ടി കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടി വരും. അതുകൊണ്ട് ഈ രീതിയിൽ നമുക്ക് നമ്മുടെ നോമ്പ് അണിയിച്ചൊരുക്കിയെടുക്കേണ്ടതാണ്; ഈ നന്മകളും അല്ലാഹുവിന്റെ പൊറുക്കലും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നതിനുവേണ്ടി.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് നസ്ർബിൻ സൽമാൻ(റ) പറയുന്നു. ഞാൻ അബൂസൽമബിൻ അബ്ദുർറഹ്മാനോട് പറഞ്ഞു: താങ്കൾ താങ്കളുടെ പതാവിൽനിന്നുകേട്ട എന്തെങ്കിലും ആരാധനാകർമ്മം എനിക്കു പറഞ്ഞുതരിക. അദ്ദേഹം റമസാൻ മാസത്തെക്കുറിച്ച് നബി(സ) തിരുമേനിയിൽനിന്ന് നേരിട്ട് കേട്ടതായിരിക്കണം അത്. അബൂസൽമാബിൻ അബ്ദുർറഹ്മാൻ പറഞ്ഞു: അതേ, എന്റെ പിതാവ് എന്നോടു പറഞ്ഞു: നബി(സ) തിരുമേനി പറഞ്ഞിരുന്നു. അല്ലാഹു തബാറക്കഇതആല റമസാന്റെ നോമ്പ് നിങ്ങളിൽ നിർബന്ധമാക്കിയിരിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അതിന്റെ അനുഷ്ഠാനം തുടങ്ങിയിരിക്കുന്നു. ഏതൊരുവൻ ദൃഢവിശ്വാസത്തോടും പ്രതിഫലേച്ഛയോടുംകൂടി അതിൽ നോമ്പുനോൽക്കുന്നുവോ, തന്റെ മാതാവ് അവനെ പ്രസവിച്ചതുപോലെ അവൻ പാപത്തിൽനിന്ന് പുറത്തുവരുന്നു. അതായത്, തികച്ചും പാപരഹിതനായിത്തീരുന്നു."

ഈ റമസാനിൽനിന്ന് ഇങ്ങനെ പരിശുദ്ധരായി, പാപരഹിതരായിക്കൊണ്ട് പുറത്തുവരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. പിന്നീട് ഈ മാറ്റങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുമാറാകട്ടെ.

റമസാൻ മാസത്തിൽ ആരാധനകളുടെ നില ഉയർത്തുന്നതിനും, ഖുർആൻ പാരായണം ചെയ്യുന്നതിനോടുമൊപ്പം നബി(സ) ദാനധർമ്മങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) ഈ മാസത്തിൽ, ശക്തമായ കാറ്റിനേക്കാൾ വേഗതയിൽ ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നു. റമസാനിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതും ഒരു മാർഗ്ഗമാണ്. അതുകൊണ്ട്, നബി(സ)യുടെ സുന്നത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഈ ഭാഗത്തേക്കും ശ്രദ്ധിക്കേണ്ടതാണ്. പണം ത്യാഗം ചെയ്യേണ്ടതും മനഃപരിശുദ്ധി കൈവരിക്കുന്നതിന് നിർബന്ധമാണ്. അല്ലാഹു നമുക്കെല്ലാം റമസാന്റെ അനുഗ്രഹങ്ങൾ സ്വരുകൂട്ടുന്നവരായിത്തീരാൻ ഭാഗ്യം നല്കുമാറാകട്ടെ. നമ്മുടെ നോമ്പ് യഥാർത്ഥത്തിൽ അല്ലാഹുവിനോടുള്ള ഭയഭക്തി സ്വായത്തമാക്കുന്നതായിതീരട്ടെ. പിന്നീട് ഈ അനുഗ്രഹങ്ങളെല്ലാം എപ്പോഴും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരട്ടെ. ഈ റമസാനിൽ നാം കൈവെടിയുന്ന ബലഹീനതകൾ വീണ്ടും നമ്മിലേക്ക് വരാതിരിക്കട്ടെ. അല്ലാഹുവിന്റെ പൊറുക്കലിന്റേയും കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും പുതപ്പ് സദാ നമ്മെ

പൊതിഞ്ഞിരിക്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നോമ്പിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ചും ജനങ്ങൾ അജ്ഞരാണ്. യഥാർത്ഥമെന്താണെന്നുവെച്ചാൽ പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും പരിചയമില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യൻ എന്തു വിവരണം നടത്താനാണ്? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിന് ഒരു തത്വവും പ്രഭാവവുമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയുവാൻ കഴിയുക. മനുഷ്യന്റെ പ്രകൃതിയിൽ തന്നെയുള്ളതാണ് ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുകയും ദർശനശക്തി വർദ്ധിക്കുകയും ചെയ്യുന്നു എന്നത്. ഒരു ഭക്ഷണം കുറയ്ക്കുകയും മറ്റൊന്ന് വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് അല്ലാഹുവിന്റെ ഇച്ഛ. വിശപ്പ് സഹിക്കുക മാത്രമല്ല തന്നിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിൽ ഉണ്ടായിരിക്കണം. ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം മുഴുകണം. ശരീരത്തെമാത്രം പോഷിപ്പിക്കുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങു തീർക്കുന്നു എന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പ് നോല്ക്കുന്നത് അയാൾ ആദ്ധ്യാത്മികഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും, അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വം കീർത്തനം ചെയ്യുന്നതിലും മുഴുകിക്കൊള്ളട്ടെ." (*മൽഫൂസാത്ത്, വാള്യം-9. പേ-123*)

ഈ റമസാനിൽ യഥാർത്ഥത്തിലുള്ള മനഃപരിശുദ്ധി നമുക്കുണ്ടാകുവാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ ആത്മീയാവസ്ഥ മെച്ചപ്പെടുമാറാകട്ടെ. വരുംകാലങ്ങളിൽ നമ്മുടെ ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് ആകുമാറാകട്ടെ.

ദുഃഖകരമായ ഒരു വാർത്തയും ലഭിച്ചിട്ടുണ്ട്. ടി.വിയിൽ അത് വന്നിരുന്നു. മിക്കവരും അത് കേട്ടിട്ടുണ്ടാകും. ഇന്ന് രാവിലെ പാക്കിസ്ഥാനിലെ ബഹാഉദ്ദീൻ മാർക്കറ്റിന്നടുത്തുള്ള മോംഗ്റസൂൽ എന്ന സ്ഥലത്തെ പള്ളിയിൽ അഹ്മദികൾ സുബ്ഹി നിസ്കരിക്കുകയായിരുന്നു. രണ്ട് തീവ്രവാദികൾ (തീവ്രവാദികൾ എന്നു പറയാൻ പാടില്ല അഹ്മദിയ്യത്തിന്റെ ശത്രുക്കൾ തന്നെയായിരിക്കും അവർ. അവർ തമ്മിലടിക്കുന്നതാണ് ഭീകരപ്രവർത്തനം, നമ്മൾ അതിന് മറുപടി നല്കുന്നില്ല. നമ്മുടെമേൽ ആക്രമണം നടത്തുന്നത് നമ്മൾ അഹ്മദിയായതുകൊണ്ടുമാത്രമാണ്.) പള്ളിയിൽ വന്ന് നിസ്കരിക്കുന്നവരുടെ നേരെ നിറയൊഴിച്ച് കടന്നുകളഞ്ഞു. തൽഫലമായി എട്ട് അഹ്മദികൾ സംഭവസ്ഥലത്തു തന്നെ ശഹീദായി. ഏകദേശം 20 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ശഹീദായവരിൽ 70, 71 വയസ്സുള്ള രണ്ട് വൃദ്ധരുമുണ്ട്. വിശദമായ വിവരണം ലഭിച്ചിട്ടില്ല. മറ്റുള്ളവരെല്ലാം ചെറുപ്പക്കാരായിരുന്നു. അവരിൽ 16 വയസ്സുള്ള ഒരു കുട്ടിയുമുണ്ട്. 12 വയസ്സുള്ള ഒരു കുട്ടിയ്ക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അല്ലാഹുതആല ഈ ശഹീദുമാർക്ക് ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കുമാറാകട്ടെ. പരിക്കേറ്റവർക്ക് രോഗശമനം നല്കുമാറാകട്ടെ. അവരുടെ ബന്ധുക്കൾക്കും സഹോദരങ്ങൾക്കും എല്ലാ അഹ്മദികൾക്കും ക്ഷമയോടും സഹനത്തോടും കൂടി ഈ കഠിനമായ ദുഃഖം സഹിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുതആല ഈ കുറ്റവാളികളെ പിടിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കുമാറാകട്ടെ.

റമസാൻമാസത്തിൽ അഹ്മദികൾ നന്മകൾ സമ്പാദിക്കാനും അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കാനുംവേണ്ടി ശ്രമിക്കുമ്പോൾ, മുല്ലാക്കളിൽനിന്ന് ശിക്ഷണം കിട്ടിയ ഈ നാമമാത്രമുസ്ലിം സംഘം- എല്ലാ മുസ്ലിംകളും ഇത്തരക്കാരല്ല- സ്വന്തം നിലയിൽ ഇത്തരം അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട്, അഹ്മദികളെ കൊലചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് കരുതുന്നു. വാസ്തവത്തിൽ ഇത്തരം പ്രവൃത്തികൾകൊണ്ട് അവർ അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ഇസ്ലാമിനും മുസ്ലിംകൾക്കും ചീത്തപ്പേരുണ്ടാക്കുന്നു.

അല്ലാഹുവിൽനിന്നുവന്ന ഒരു വിളിയാളന്റെ വിളി ഞങ്ങൾ കേട്ടു. അല്ലാഹുവിലേക്ക് വരാൻ ആ മഹാത്മാവ് വിളിച്ചുപറഞ്ഞു. ഞങ്ങൾ അതിന് ലബ്ബൈക്ക് പറഞ്ഞു. ഇതിനാണ് ഇവർ അഹ്മദികളെ അക്രമങ്ങൾക്ക് കുറിമാനമാക്കുന്നത്. കൂടുതൽ വിശദമായ വിവരം കിട്ടുമ്പോൾ ഞാൻ പറയുന്നതാണ്. ഇന്ന് രാവിലെയാണ് ഈ സംഭവം നടന്നത്. അതുകൊണ്ട് വിശദവിവരം ലഭിച്ചിട്ടില്ല. ഈ ദിനങ്ങളിൽ ജമാഅത്തിനുവേണ്ടി, എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷകിട്ടുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. പാക്കിസ്ഥാൻ, ഇന്തോനേഷ്യ, ബംഗ്ലാദേശ് എന്നീ മൂന്നുരാജ്യങ്ങളിൽ പ്രത്യേകമായനിലയിൽ അഹ്മദികൾ അക്രമത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. അല്ലാഹുതആല എല്ലാ സ്ഥലത്തും എല്ലാ അഹ്മദികളേയും എല്ലാ ഉപദ്രവങ്ങളിൽനിന്നും സുരക്ഷിതരാക്കിവയ്ക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 7.10.2005 at Baithul Futuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala